പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *142 — 04.12.2015-ലെ മറുപടിക്ക്

## കർഷക കടാശ്വാസ കമ്മീഷൻ

**ചോദ്യം**

ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. ജെയിംസ് മാത്യു
ശ്രീ. രാജു എബ്രഹാം
ശ്രീ. കെ. കെ. ജയചന്ദ്രൻ

**മറുപടി**

ശ്രീ. കെ. പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(എ) ഉണ്ട്. 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് അനുശാസിക്കുന്ന തരത്തിൽ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തുകയും അതത് വർഷത്തെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കമ്മീഷന്റെ പക്കൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകളുടെ വിശദാംശം നൽകാമോ;

(ബി) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.10.2015 ആയി പുനർനിശ്ചയിക്കുന്നതിന് മുമ്പ് ലഭിച്ചിരുന്ന അപേക്ഷകളിൽ 39,868 എണ്ണം തീർപ്പാക്കാൻ ബാക്കിയുണ്ട്. അപേക്ഷ നൽകുന്നതിനുള്ള തീയതി ദീർഘിപ്പിച്ചതിനെത്തുടർന്ന് ലഭിച്ചിട്ടുള്ള അപേക്ഷകൾ കമ്മീഷൻ തിട്ടപ്പെടുത്തി വരുന്നു.

(സി) കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) പ്രസ്തുത നടപടികൾ പൂർണ്ണമായും നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ?

(സി) & (ഡി) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ആക്ട് നിലവിൽ വന്ന തീയതിയായ 18.01.07 നോ അതിനുമുമ്പോ കർഷകരിൽ നിന്ന് ലഭിക്കേണ്ട ബാധ്യതകളാണ് കടാശ്വാസം നൽകുന്നതിന് പരിഗണിക്കുന്നത്. എന്നാൽ വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കടങ്ങളും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

കടാശ്വാസം ശിപാർശ ചെയ്തുകൊണ്ട് കമ്മീഷൻ അവാർഡ് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള കർഷക വിഹിതം അടയ്ക്കുന്ന കർഷകന്

ടിയാൻ ബാങ്കിൽ ഈട് വച്ചിട്ടുള്ള പ്രമാണം സർക്കാർ വിഹിതം ലഭിക്കുന്നതിനായി കാത്തിരിക്കാതെ തന്നെ തിരികെ നൽകേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവ് പ്രകാരമുള്ള സർക്കാർ വിഹിതം (കടാശ്വാസം) ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിനാൽ ആയത് കൂടി അടച്ച് വായ്പ കണക്ക് അവസാനിപ്പിക്കുന്നവർക്കും വായ്പ പുതുക്കുന്നവർക്കും കമ്മീഷന്റെ ഉത്തരവ് പ്രകാരമുള്ള കടാശ്വാസത്തുക നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

നിലവിലുണ്ടായിരുന്ന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് ആയത് 2015 മേയ് 21-ാം തീയതി മുതൽ 3 വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

കമ്മീഷന്റെ അന്തിമ ഉത്തരവിൽ ശിപാർശ ചെയ്ത കടാശ്വാസത്തുക അനുവദിച്ച ശേഷം സഹകരണ സംഘം രജിസ്ട്രാർ മുഖേന നിർദ്ദിഷ്ട പരിശോധനകൾ നടത്തി തുക വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കമ്മീഷനിൽ നിന്ന് അന്തിമ ഉത്തരവുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തന്നെ പരിശോധനയ്ക്കായി രജിസ്ട്രാർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കടാശ്വാസം ലഭിക്കുന്നതിന് കമ്മീഷൻ മുമ്പാകെ അപേക്ഷ നൽകാനുള്ള അവസാന തീയതി 31.10.2015 ആയി പുനർനിശ്ചയിച്ചു.

കമ്മീഷന്റെ ദൈനംദിന കാര്യങ്ങളിൽ കൈകാര്യം ചെയ്യേണ്ടതായി വരുന്ന നിയമപരമായ പ്രശ്നങ്ങളുടെ വ്യാപ്തി കണക്കിലെടുത്ത് നിയമവകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കമ്മീഷന്റെ ഓഫീസിൽ ലോ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷൻ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, അപേക്ഷകളിലെ തീർപ്പ് കല്പിക്കൽ ത്വരിതപ്പെടുത്തുന്നതിനും ഉതകുന്ന വിധം രണ്ട് സീനിയർ കൃഷി ഓഫീസർമാരുടെയും ഒരു കൃഷി അസിസ്റ്റന്റിന്റെയും സേവനം അനുവദിച്ചു നൽകിയിട്ടുണ്ട്. കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ പരമാവധി വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി മലയോര ജില്ലകളായ ഇടുക്കിയിലും വയനാട്ടും എല്ലാ മാസവും സിറ്റിംഗ് നടത്തുകയും പരമാവധി അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ